www.ceokerala.org

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.07.2016 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ)നം. 117 /2017/സഹ. തീയതി, തിരുവനന്തപുരം,07.03.2017 .

---

പരാമർശം:- 1) 03.09.2016 ലെ സ.ഉ.(സാധാ) നം. 463/2016/സഹ നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാറുടെ 10.02.2017 ലെ ഇ.എം.(4) 43756/2016 നമ്പർ കത്ത്

3) സ.ഉ (സാധാ)നം.116/2017 സഹ തീയതി 6.3.2017.

**ഉത്തരവ്**

സംസ്ഥാനത്തെ സഹകരണസംഘങ്ങളിലെ /ബാങ്കുകളിലെ /സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.07.2016 തിയ്യതിയുടെ പ്രാബല്യത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സൂചന (2) പ്രകാരം സഹകരണസംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച സർക്കാർ സംസ്ഥാനത്തെ സഹകരണസംഘങ്ങളിലെ /ബാങ്കുകളിലെ /സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ചുവടെചേർക്കും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

<u>പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്</u>

| പ്രാബല്യത്തീയതി | 01.01.2016 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2016 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2016 | 98% | 7% | 105% |

<u>പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്</u>

| പ്രാബല്യത്തീയതി | 01.01.2016 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2016 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2016 | 178% | 9% | 187% |

മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ശമ്പളപരിഷ്കരണവും നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01.01.2016 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2016 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2016 | 245% | 11% | 256% |

3) 01.01.2017 മുതൽ അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുമ്പോൾ All India Consumer Price Index for Industrial Workers (AICPI) പ്രകാരമുള്ള നിരക്കുകൾ മാത്രം ഉൾപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ ശുപാർശ സമർപ്പിക്കേണ്ടതാണ്.

4) പരാമർശം (3) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് മേൽ പ്രകാരം ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് .സുപ്രഭ

ജോയിന്റ് സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
   (ആമുഖ കത്ത് സഹിതം - വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
6. സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ